LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽദിനങ്ങൾ

160(5319) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പരമ്പരാഗത തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ നൽകുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്തുന്നതിനും സാധിക്കുന്ന രീതിയിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് കൈത്തറി വസ്ത്ര മേഖല. കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽനിന്നും കൊഴിഞ്ഞുപോയിക്കൊണ്ടിരുന്ന സാഹചര്യത്തിൽ കൈത്തറി മേഖലയുടെ ഉന്നമനത്തിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷം മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതുമൂലം നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 250-ൽ കൂടുതൽ തൊഴിൽദിനങ്ങളും പ്രതിദിനം 600 രൂപയില്ധികം വേതനവും ലഭിക്കുന്നുണ്ട്. പദ്ധതി നടപ്പിലാക്കിയതു മുതൽ ഇന്നുവരെ 196.89 കോടി രൂപ നെയ്ത്ത് കൂലിയായി വിതരണം ചെയ്തിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൽ 2019 ഡിസംബർ മാസം മുതൽ പരിഷ്കരിച്ച മിനിമം കൂലി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി കൈത്തറി മേഖലയ്ക്ക് ഒരു പുനരുജ്ജീവനം നൽകിയിട്ടുണ്ട്.

കൈത്തറി-ഖാദി മേഖലയെ ശാക്തീകരിക്കാൻ നടപടികൾ

161(5320) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി - ഖാദി മേഖലകൾക്ക് റിബേറ്റ് ഇനത്തിൽ സർക്കാർ അനുവദിക്കേണ്ടതായ തുക കുടിശ്ശികയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൈത്തറി മേഖലയിൽ തുക കുടിശ്ശികയായുണ്ട്. കേരളത്തിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ കൈത്തറി ഉത്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതിനായി 2021-22 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

വർഷം 10 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാന്റക്സിനും ഹാൻവീവിനുമായി ലഭിച്ച ഏകദേശം 10,08,87,687 രൂപയുടെ അപേക്ഷകളിൽ അർഹമായവയിൽ ഹാന്റക്സിന് 1,15,14,740 രൂപ അനുവദിച്ചിട്ടുണ്ട്. 12,05,194 രൂപ കുടിശ്ശികയായി ബാക്കിയുണ്ട്. ഖാദി മേഖലയിലും തുക കുടിശ്ശികയായുണ്ട്. 2019-20 വർഷത്തെ ലഭ്യമായ ക്ലെയിമുകൾ പ്രകാരം 43 കോടി രൂപ റിബേറ്റ് കുടിശ്ശികയുണ്ട്. 2021-22 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ 14 കോടി രൂപ വകയിരുത്തിയതിൽ 10 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കൈത്തറി - ഖാദി നെയ്ത്ത് സംഘങ്ങൾ തുറന്നുപ്രവർത്തിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കൈത്തറി മേഖല സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 300 സംഘങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംഘങ്ങളിൽ നിന്നായി 5600 നെയ്ത്തുകാരും 1513 അനുബന്ധ തൊഴിലാളികളും സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി, പൂട്ടിക്കിടന്നിരുന്ന 15 സംഘങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഖാദി മേഖല കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള നെയ്ത്ത് സംഘങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. തുറന്നു പ്രവർത്തിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച സംഘങ്ങൾക്ക് അംഗീകാരം നൽകുകയും അവ തുറന്നുപ്രവർത്തിക്കുകയും ചെയ്തുവരുന്നു. ഖാദി ബോർഡിനു കീഴിലുള്ള സംഘങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് നട പടികൾ സ്വീകരിക്കുന്നതാണ്.

കയർ മേഖലയുടെ രണ്ടാം പുനഃസംഘടന

162(5321) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ച കാര്യങ്ങൾ എന്തൊക്കെയാണ്; അത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവത്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക,